## വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. HARITHA V KUMAR)

വിഷയം:- വനിത ശിശു വികസന വകുപ്പ് –2025-26 ലെ ഓണറേറിയം സംസ്ഥാന വിഹിതം അനുവദിച്ച് നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു

പരാമർശം: 1. ഈ കാര്യാലയത്തിലെ 01/03/2025 ലെ DWCD/1358/2025-A3 നം. കത്ത്

2. 11/06/2025 തീയതിയിലെ DWCD/3619/2025-A3 നമ്പർ കറിപ്പ്

3. 09/06/2025 ലെ ഫിനാൻസ് ഓഫീസറുമായി നടന്ന യോഗത്തിലെ നിർദ്ദേശം

**ഉത്തരവ് നം. DWCD/3659/2025-ICDSB6 തീയതി: 18-06-2025**

വകുപ്പ് മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത ശിശുവികസന സേവന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി, അങ്കണവാടി വർക്കർമാർ, ഹെൽപ്പർമാർ എന്നിവർക്ക് ഓണറേറിയം ഇനത്തിൽ സ്പാർക്ക് മുഖേന അനുവദിച്ച് വരുന്ന സംസ്ഥാന വിഹിത ഓണറേറിയം 2235-02-102-55-00-01-(NP)- Other Allowance ശീർഷകത്തിൽ നിന്നുമാണ് 2024-25 കാലയളവുവരെ അനുവദിച്ചു നൽകിയിരുന്നത്. എന്നാൽ 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രസ്തുത ചെലവിനങ്ങൾ വഹിക്കുന്നതിന് പുതിയ ശീർഷകത്തിലാണ് (2235-02-102-55-00-02-04 NPV Consolidated Pay) ഫണ്ട് വകയിരുത്തിയിട്ടുള്ളത്.

അതിൻ പ്രകാരം, 2025-26 മുതൽ പ്രസ്തുത ശീർഷകത്തിൽ നിന്ന് തുക ചെലവഴിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് പരാമർശം (1) പ്രകാരം കീഴ് കാര്യാലയങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിനാൽ 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിൽ അങ്കണവാടി ഓണറേറിയം ചെലവിനങ്ങൾ വഹിക്കുന്ന 2235-02-102-55-00-02-04 NP V Consolidated Pay ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക ജീവനക്കാരുടെ എണ്ണത്തിന് ആനുപാതികമായി കണക്കാക്കി 14 SCO മാർക്കും അലോട്ട്മെന്റ് അനുവദിയ്ക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കാൻ പരാമർശം (2) പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ആയതു പ്രകാരം 2025-26 സാമ്പത്തികവർഷത്തേയ്ക്ക് ഓണറേറിയം ഇനത്തിൽ ആവശ്യമായ തുക 2235-02-102-55-00-02-04 NP V Consolidated Pay ശീർഷകത്തിലെ ബജറ്റ് വിഹിതത്തിൽ നിന്നും, ചുവടെ പറയും പ്രകാരം 14 ജില്ലകളിലേക്ക് ആകെ **2,76,88,32,000/- (ഇരുനൂറ്റി എഴുപത്തി ആറു കോടി എൺപത്തി എട്ട് ലക്ഷത്തി മുപ്പത്തി രണ്ടായിരം രൂപ മാത്രം)** രൂപ അലോട്ട്മെന്റായി അനുവദിച്ചു ഉത്തരവാകുന്നു.

| 2025-26 സാമ്പത്തിക വർഷം ഡിസംബർ വരെ അങ്കണവാടി വർക്കർ/ ഹെൽപ്പർമാർക്കുള്ള ഓണറേറിയം ഇനത്തിൽ അലോട്ട്മെന്റായി അനുവദിക്കുന്ന തുക | | | | | | | |
|---|---|---|---|---|---|---|---|
| ക്രമ നം | ജില്ല | അങ്കണവാടി കളുടെ എണ്ണം | അങ്കണവാടി വർക്കർമാരുടെ ഒരു മാസത്തെ ഓണറേറിയം തുക 6300/- രൂപ | അങ്കണവാടി ഹെൽപ്പർമാരുടെ ഒരു മാസത്തെ ഓണറേറിയം തുക 5300/- രൂപ | ഓണറേറിയം ഇനത്തിൽ 7 മാസത്തേയ്ക്ക് അലോട്ട്മെന്റായി അനുവദിക്കുന്ന തുക | ഉത്സവ ബത്ത അനുവദിക്കുന്ന തുക (1200 രൂപ | ഡിസംബർ മാസം വരെ അലോട്ട്മെന്റായി അനുവദിക്കുന്ന ആകെ തുക |

| | | | നിരക്കിൽ | നിരക്കിൽ | | നിരക്കിൽ ) | |
|---|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 3061 | 19284300 | 16223300 | 248553200 | 7346400 | 255899600 |
| 2 | കൊല്ലം | 2723 | 17154900 | 14431900 | 221107600 | 6535200 | 227642800 |
| 3 | ആലപ്പുഴ | 2150 | 13545000 | 11395000 | 174580000 | 5160000 | 179740000 |
| 4 | പത്തനംതിട്ട | 1389 | 8750700 | 7361700 | 112786800 | 3333600 | 116120400 |
| 5 | കോട്ടയം | 2050 | 12915000 | 10865000 | 166460000 | 4920000 | 171380000 |
| 6 | ഇടുക്കി | 1561 | 9834300 | 8273300 | 126753200 | 3746400 | 130499600 |
| 7 | എറണാകുളം | 2858 | 18005400 | 15147400 | 232069600 | 6859200 | 238928800 |
| 8 | തൃശ്ശൂർ | 3016 | 19000800 | 15984800 | 244899200 | 7238400 | 252137600 |
| 9 | പാലക്കാട് | 2838 | 17879400 | 15041400 | 230445600 | 6811200 | 237256800 |
| 10 | മലപ്പുറം | 3808 | 23990400 | 20182400 | 309209600 | 9139200 | 318348800 |
| 11 | കോഴിക്കോട് | 2938 | 18509400 | 15571400 | 238565600 | 7051200 | 245616800 |
| 12 | വയനാട് | 876 | 5518800 | 4642800 | 71131200 | 2102400 | 73233600 |
| 13 | കണ്ണൂർ | 2504 | 15775200 | 13271200 | 203324800 | 6009600 | 209334400 |
| 14 | കാസർഗോഡ് | 1348 | 8492400 | 7144400 | 109457600 | 3235200 | 112692800 |
| | ആകെ | 33120 | 208656000 | 175536000 | 2689344000 | 79488000 | 2768832000 |

മേൽ പറഞ്ഞ പ്രകാരമുള്ള തുകയിൽ നിന്ന് SCO മാർ ഈ ഇനത്തിൽ ആവശ്യമുള്ള അലോട്ട്മെൻറ് അതാത് മാസം ബന്ധപ്പെട്ട DDO മാർക്ക് അനുവദിച്ച് നൽകേണ്ടതാണ്. മാസത്തെ അവസാന പ്രവർത്തി ദിവസത്തെ അങ്കണവാടി പ്രവർത്തകരുടെ ഹാജർ നിലയുടെ അടിസ്ഥാനത്തിൽ DDO മാരിൽ നിന്ന് ഓണറേറിയം നൽകുന്നതിനു ആവശ്യമായ അലോട്ട്മെന്റ് റിക്വസ്റ്റ് ശേഖരിക്കേണ്ടതും ആദ്യ രണ്ട് പ്രവർത്തി ദിനങ്ങൾക്കുള്ളിൽ തന്നെ SCO മാർ ബന്ധപ്പെട്ട DDO മാർക്ക് ആവശ്യപ്പെട്ട പ്രകാരമുള്ള അലോട്ട്മെൻറ് അനുവദിച്ച് നൽകേണ്ടതുമാണ്.

2025-26 സാമ്പത്തിക വർഷം ഡിസംബർ വരെ സ്പാർക്ക് മുഖേന മാറുന്ന അങ്കണവാടി പ്രവർത്തകരുടെ സംസ്ഥാന വിഹിതം ഓണറേറിയം , ഉത്സവ ബത്ത ഇനത്തിൽ ആവശ്യമായി വരുന്ന ആകെ 2,76,88,32,000/- **(ഇരുനൂറ്റി എഴുപത്തി ആറു കോടി എൺപത്തി എട്ട് ലക്ഷത്തി മുപ്പത്തി രണ്ടായിരം രൂപ മാത്രം)** രൂപ 2235-02-102-55-00-02-04 NP V Consolidated Pay ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

അനുവദിക്കപ്പെടുന്ന തുക കൃത്യമായി ചെലവഴിക്കപ്പെടുന്നു എന്നു SCO മാർ BAMS പ്രകാരം പരിശോധിക്കേണ്ടതാണ്. 2025-26 സാമ്പത്തിക വർഷം സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിന് വിധേയമായി മാത്രമേ ഉത്സവബത്തയ്ക്കുള്ള അലോട്ട്മെന്റ് DDO മാർക്ക് അനുവദിച്ചു നൽകേണ്ടതുള്ളൂ. ഓണറേറിയം അനുവദിക്കുന്നതിന്മേൽ വീഴ്ചയോ കാലതാമസമോ ഉണ്ടാകുന്നില്ലായെന്നും, സംസ്ഥാനവിഹിത ഓണറേറിയം 2235-02-102-55-00-02-04 NP V Consolidated Pay ശീർഷകത്തിൽ നിന്നു മാത്രമേ അനുവദിക്കുന്നുള്ളൂവെന്നും, ശീർഷകം മാറി തുക ചെലവഴിക്കുന്നില്ല എന്നും SCO മാർ ഉറപ്പ് വരുത്തേണ്ടതാണ്.

HARITHA V KUMAR

**വനിത ശിശു വികസന ഡയറക്ടർ**

സൂപ്രണ്ട്, അക്കൗണ്ട്സ് സെക്ഷൻ

പകർപ്പ്

1. എല്ലാ ജില്ല വനിത ശിശു വികസന ഓഫീസർമാർക്കും
2. ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർക്കും
3. വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്